I/59751/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4197/2022-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 22-09-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

**പരിപത്രം**

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഔദ്യോഗിക രേഖകളിലുണ്ടാകുന്ന തെറ്റുകൾ ഒഴിവാക്കൽ- തെറ്റുണ്ടായാൽ തിരുത്തൽ നടപടി-വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി - വകുപ്പിലെ ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്:-

സൂചന:- 1. 11.06.2015 ലെ 28795/എആർ/13(2)/2014 ഉഭപവ നമ്പർ സർക്കുലർ

2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്നുള്ള 06.09.2022 തീയതിയിലെ 137/എ.ആർ-13(2)/2022/ഉഭപവ നമ്പർ കത്ത്

സർക്കാർ ഓഫീസുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തുകളിലും മറ്റ് രേഖകളിലും വസ്തുതാപരവും ഘടനാപരവും ഭാഷാപരവുമായ തെറ്റുകൾ കടന്നുകൂടാറുണ്ടെന്നും ആയതിനാൽ തെറ്റുകൾ തിരുത്തിക്കിട്ടുവാൻ സമയപരിധി നിർണ്ണയിക്കണമെന്നും ഇത്തരം തെറ്റുകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വം നിർണ്ണയിച്ച് നൽകിയാൽ ഉദ്യോഗസ്ഥർ ബോധപൂർവ്വം കൈക്കൂലിയ്ക്കും പ്രതികാരത്തിനുമായി രേഖകളിൽ തെറ്റ് വരുത്തുന്നത് ഒഴിവാക്കാനാവുമെന്നുമുള്ള മനുഷ്യാവകാശ കമ്മീഷൻ മുഖാന്തിരം ലഭ്യമായ പരാതി സർക്കാർ പരിശോധിക്കുകയും സർക്കാർ ഓഫീസുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തുകളിലും മറ്റ് രേഖകളിലും തെറ്റുകൾ ഉണ്ടാകാതിരിക്കുവാൻ അതീവ ശ്രദ്ധ പുലർത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടും തെറ്റുകൾ സംഭവിച്ചാൽ തിരുത്തിയ രേഖകൾ ബന്ധപ്പെട്ട അപേക്ഷകർക്ക് നൽകുന്നതിന് സമയപരിധി നിർണ്ണയിക്കേണ്ടതും അതിനകം നൽകാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചുകൊണ്ടും സൂചന (1) പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽ സാഹചര്യത്തിൽ, വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്, വകുപ്പിനു കീഴിലെ മറ്റ് കാര്യാലയങ്ങൾ / സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളും കത്തുകളും പൊതു ജനങ്ങൾക്ക് നൽകുന്ന കത്തിടപാടുകളും ഉൾപ്പെടെയുള്ള എല്ലാ തരം ഔദ്യോഗിക രേഖകളിലും തെറ്റുകൾ ഉണ്ടാകാതിരിക്കുവാൻ വകുപ്പിനു കീഴിലെ എല്ലാ ജീവനക്കാരും അതീവ ശ്രദ്ധ പുലർത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ ഔദ്യോഗിക രേഖകളിലെ തെറ്റുകൾ ശ്രദ്ധയിൽപെട്ടാൽ ആയത് ബന്ധപ്പെട്ട കാര്യാലയത്തിലെ രേഖകൾ പരിശോധിച്ച് തിരുത്തിയ രേഖകൾ

I/59751/2022

ബന്ധപ്പെട്ട അപേക്ഷകർക്ക് 30 ദിവസത്തിനകവും നൽകേണ്ടതാണ്. അപ്രകാരം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തെറ്റ് തിരുത്തി രേഖകൾ രേഖകൾ നൽകാത്ത പക്ഷം ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതുമാണ്.

വനിത ശിശു വികസന ഡയറക്ടർ

വകുപ്പിലെ എല്ലാ ജീവനക്കാർക്കും
സ്റ്റോക്ക് ഫയൽ / സ്പെയർ

Signed by Priyanka G
Date: 22-09-2022 10:19:22